# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2015-16/164 August 27, 2015
DPSS.CO.PD.No.449/02.14.003/2015-16

എല്ലാ ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളുടെയും, റീജിയണൽ ഗ്രാമീണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും, സംസ്ഥാന സഹകരണബാങ്കുകളുടെയും ജില്ലാ കേന്ദ്ര സഹകരണ ബാങ്കുകളുടെയും എല്ലാ കാർഡ് നെറ്റ്വർക്ക് സേവന ദാതാക്കളുടെയും അദ്ധ്യക്ഷന്മാർ / മാനേജിംഗ് ഡയറക്ടർ, മുഖ്യ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ

മാഡം / സർ

**ടയർ III മുതൽ VI വരെ കേന്ദ്രങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിൽ (Point of Sale - POS) പണം പിൻവലിക്കനുള്ള പരിധി വർദ്ധിപ്പിക്കൽ.**

2009 ജൂലൈ 22– തീയതിയിലെ DPSS.CO.PD.No. 147/02.14.003/2009–10, 2013 സെപ്റ്റംബർ 5– തീയതിയിലെ DPSS.CO.PD.No.563/02.14.003/2003–14 എന്നീ സർക്കുലറുകളിലൂടെ ബാങ്കുകളുടെ എല്ലാ ഡെബിറ്റ് / ഓപ്പൺ ലൂപ്പ് പ്രീപെയ്ഡ് കാർഡുകൾ വഴി ഒരു ദിവസം 1000 രൂപ വരെ, വില്പന കേന്ദ്ര ങ്ങളിൽ (POS) നിന്ന്പണം പിൻവലിക്കാൻ അനുവദിച്ചിരുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

2. ഇക്കാര്യം പുനഃപരിശോധിച്ചതിൽ, ടയർ III മുതൽ ടയർ VI വരെ കേന്ദ്രങ്ങളിൽ, POS – ൽ ഒരു ദിവസം പണം പിൻവലിക്കുന്നത് (ഭാരതീയ ബാങ്കുകൾ വിതരണം ചെയ്തിട്ടുള്ള ഡെബിറ്റ് / ഓപ്പൺ സിസ്റ്റം പ്രീപെയ്ഡ് കാർഡുകൾ വഴി) 1000 രൂപയിൽ നിന്നും 2000 രൂപയായി, ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം, വർദ്ധിപ്പിച്ചിരിക്കുന്നു. ടയർ I – ഉം II –ഉം കേന്ദ്രങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ദൈനംദിന പരിധിയിൽ മാറ്റമില്ല.

3. എല്ലാ കേന്ദ്രങ്ങളിലും, 1000 / 2000 രൂപ എന്ന പരിധിവ്യത്യാസമില്ലാതെ, പണം പിൻവലിക്കുന്നതിന് ഈടാക്കാവുന്ന ചാർജ്, ഇടപാടുനടത്തുന്ന തുകയുടെ 1% – ത്തിൽ കൂടുതലാകാൻപാടില്ല.

4. ഇങ്ങനെ പണം പിൻവലിക്കാനുള്ള സൗകര്യം ബാങ്കുകൾ താഴെപ്പറയുന്ന നിബന്ധനകൾക്കുവിധേയമായി നൽകേണ്ടതാണ്.

i. ബാങ്കുകൾ വേണ്ടത്ര ശ്രദ്ധയോടെ, തെരഞ്ഞെടുത്തിട്ടുള്ള വ്യാപാര കേന്ദ്രങ്ങളിൽ ഈ സൗകര്യം നല്കാം. ഈ സൗകര്യം ലഭിക്കുന്നതാണെന്നും, ഈടാക്കുന്ന ചാർജുകളുടെ വിവരം കാണിക്കുന്നതുമായ വിജ്ഞാപനം, ഇത്തരം വ്യാപാര കേന്ദ്രങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.

ii. കാർഡുടമസ്ഥൻ സാധനം വാങ്ങിയാലും ഇല്ലെങ്കിലും ഈ സൗകര്യം ലഭ്യമാക്കണം. ഈ സൗകര്യമുപയോഗിച്ച് സാധനം വാങ്ങുമ്പോൾ കൊടുക്കുന്ന രസീതിൽ, പിൻവലിച്ച തുക പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

iii. ഈ സൗകര്യം അനുവദിക്കുന്ന ബാങ്കുകളിൽ ഫലപ്രദമായ ഒരു കസ്റ്റമർ പരാതി പരിഹരണ രീതി ഉണ്ടായിരിക്കണം. ഇതുസംബന്ധമായ പരാതികൾ ബാങ്കിംഗ് ഓംബുഡ്സ്മാൻ പദ്ധതിയുടെ കീഴിൽ വരുന്നതാണ്.

5. ഈ സൗകര്യം ലഭ്യമായ കാർഡുകൾ വിതരണം ചെയ്യുന്ന ബാങ്കുകൾ, ഇടപാടുകാർക്കിടയിൽ ഇതുസംബന്ധമായി വേണ്ടത്ര ബോധവൽക്കരണം നടത്തണം.

6. പണം പിൻവലിക്കുന്നതിനെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ത്രൈമാസിക റിപ്പോർട്ട് അടുത്ത പതിനഞ്ച് ദിവസത്തിനുള്ളിൽ ഇതോടൊപ്പം വച്ചിട്ടുള്ള ഫോർമാറ്റിൽ,

ചീഫ് ജനറൽ മാനേജർക്ക് (പേയ്മെന്റ് സെറ്റിൽമെന്റ് സിസ്റ്റംസ്, മുംബയ് - 400001) അയക്കേണ്ടതാണ്.

7. e - പെയ്മെന്റുകൾ, തൽസംബന്ധമായ മറ്റു പുരോഗമനപരമായ മാറ്റങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ, മേൽപ്പറഞ്ഞ പദ്ധതി പുനഃപരിശോധിക്കുന്നതാണ്.

8. ഈ നിർദ്ദേശങ്ങൾ പെയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് 2007 (ആക്ട് 51/2007) - ലെ സെക്ഷൻ 10(2), സെക്ഷൻ 18 - മായി ബന്ധപ്പെടുത്തി പുറപ്പെടുവിക്കുന്നതാണ്.

വിശ്വാസപൂർവ്വം

നന്ദ എസ്. ഡാവേ
ചീഫ് ജനറൽ മാനേജർ

അനക്സ്

## വില്പന കേന്ദ്രത്തി (POS) ലെ പണം വലിക്കലിക്കുന്നത് സംബന്ധിച്ച് ത്രൈമാസിക റിപ്പോർട്ട്

**DPSS.PD.No./449/02.14.003/2015-16 August 27, 2015**

| | POS ലഭിക്കുന്ന വ്യാപാര കേന്ദ്രങ്ങളുടെ എണ്ണം (തുടർച്ചയായുള്ളവ) | (ON – US) | | (OFF – US) | |
|---|---|---|---|---|---|
| | | ഈ ത്രൈമാസികത്തിലെ ഇടപാടുകളുടെ വോളിയം | ഈ ത്രൈമാസികത്തിൽ നടന്ന ഇടപാടുകളുടെ മൂല്യം (രൂപാ കണക്കിൽ) | ഈ ത്രൈമാസികത്തിലെ ഇടപാടുകളുടെ വോളിയം | ഈ ത്രൈമാസികത്തിൽ നടന്ന ഇടപാടുകളുടെ മൂല്യം (രൂപാ കണക്കിൽ) |
| ടയർ i | | | | | |
| ടയർ ii | | | | | |
| ടയർ iii | | | | | |
| ടയർ iv | | | | | |
| ടയർ v | | | | | |
| ടയർ vi | | | | | |
| മൊത്തം | | | | | |